(ബി) അദ്ദേഹത്തിന്റെ യോഗ്യത എന്തു്;
(സി) അദ്ദേഹത്തെ ആരുനിയമിച്ചു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു്.
(ബി) എം. എ., രാഷ്ട്രതന്ത്രം വിശാരദ.
(സി) ഗവണ്മെന്റു്.

വലിയതുറപ്പാലം

*൧൧൨. (നം) ശ്രീ. വി. കെ. വഹീസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാപ്പെട്ട ടാൻസ്പോർട്ടു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വലിയതുറപ്പാലത്തിനു എത്ര രൂപാ കമ്പനിയിൽനിന്നും നഷ്ടം വകയിൽ കിട്ടി;

(ബി) പാലം പണിതുടങ്ങിയതെപ്പോൾ?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്): (എ) ൪, ൧൭, ൦ ൦൦ക. കിട്ടി. ഇതിൽ ൪ ലക്ഷം ക. ഗവണ്മെണ്ടിനു് നഷ്ടപരിഹാരമായും, ൧൭, ൦ ൦൦ക. അപകടം സംഭവിച്ചവർക്കു് പരിഹാരം നൽകുന്നതിനായുമാണു്.

(ബി) പാലം പണിയുവാൻ ടെണ്ടർ വിളിച്ചിട്ടുണ്ടു്.

PROCUREMENT

*113. [66] **Sri. E. P. Poulose:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:—

(*a*) whether in calculating the procurement figures for the Cochin District, the ration allowed to the cultivator is also included;

(*b*) whether in Travancore the procurement figures published include also the ration allowed to the cultivator?

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]:** (*a*) No.
(*b*) No.

വൈപ്പിൻ പള്ളിപ്പുറം റോഡു്

*൧൧൩. (൧൦) സാഹിബ്ബു്ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈപ്പിൻ പള്ളിപ്പുറം റോഡുപണി പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകും;

(സി) പ്രസ്തുത റോഡു മനമ്പംകടത്തുകടവുവരെ നീട്ടി പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സു്): (എ) ഒന്നാമത്തെ സെക്ഷൻ എതാണ്ടു് പൂർത്തിയായി. രണ്ടാമത്തെ സെക്ഷനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) രണ്ടാം സെക്ഷന്റെ പണികൾ തുടങ്ങിയതിന്റെ ശേഷമേ എന്നു തീർത്തുമെന്നുപറയുവാൻ സാധ്യമാകയുള്ളൂ.

(സി) അതിനെക്കുറിച്ചു് അന്വേഷണ നടപടികൾ നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly